മുളന്തുരുത്തി-മണീട്, തിരുവാങ്കുളം-ചോറ്റാനിക്കര ശുദ്ധജലവിതരണ പദ്ധതികൾ

47 (197) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളന്തുരുത്തി-മണീട്, തിരുവാങ്കുളം-ചോറ്റാനിക്കര ശുദ്ധജലവിതരണ പദ്ധതികൾ എന്നാണ് കമ്മിഷൻ ചെയ്തത് ;

(ബി) ഈ പദ്ധതികളിൽ നിന്നും ആവശ്യമായ ശുദ്ധജലം ലഭിക്കുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതികളിൽ നിന്നും എത്ര പേർക്ക് പ്രയോജനം ലഭിക്കും ;

(ഡി) ഈ പദ്ധതികൾ വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുളന്തുരുത്തി-മണീട് ശുദ്ധജലവിതരണ പദ്ധതി 1993ലും തിരുവാങ്കുളം പദ്ധതി 1991-ലും ചോറ്റാനിക്കര പദ്ധതി 1993ലും കമ്മിഷൻ ചെയ്തു.

(ബി) ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി മുളന്തുരുത്തി-മണീട് പദ്ധതിയിൽ ഒരു പമ്പുസെറ്റ് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. തിരുവാങ്കുളം, ചോറ്റാനിക്കര പദ്ധതികളിൽ നിലവിലുള്ള മറ്റു ചെറുകിട പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 37,500 പേർക്ക് മുളന്തുരുത്തി-മണീട് പദ്ധതി മൂലവും 31,000 പേർക്ക് തിരുവാങ്കുളം-ചോറ്റാനിക്കര പദ്ധതികൾ മൂലവും പ്രയോജനം ലഭിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതികൾ വിപുലീകരിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

പിറവം മണ്ഡലത്തിലെ ശുദ്ധജല പദ്ധതികൾ

48 (198) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിൽപ്പെട്ട ആമ്പല്ലൂർ, എടയ്ക്കാട്ടുവയൽ, ഉദയംപേരൂർ ശുദ്ധജലവിതരണ പദ്ധതികളുടേയും പിറവം, തിരുമാറാടി, പാമ്പാക്കുട-രാമമംഗലം ശുദ്ധജല വിപുലീകരണ പദ്ധതികളുടേയും ഭരണാനുമതി ഏതെല്ലാം തീയതികളിലാണ് നൽകിയിട്ടുള്ളത് ;

(ബി) ഇവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭരണാനുമതി നൽകിയപ്പോൾ ഓരോ പദ്ധതിയും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത് ;

(ഡി) ഈ പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും ;

(ഇ) ഓരോ പദ്ധതികൾക്കും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(എഫ്) ഈ പദ്ധതികൾ ഓരോന്നും കമ്മീഷൻ ചെയ്യുന്നതിന് ഉണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണ് ;

(ജി) ഓരോ പദ്ധതികൾക്കും എന്തു തുകയ്ക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആമ്പല്ലൂരിനും സമീപ വില്ലേജുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 5-10-1993 ലും തിരുമാറാടി, ഓണക്കൂർ രാമമംഗലം മേമുറി വില്ലേജുകൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് 26-3-1996 ലും പിറവം ശുദ്ധജലവിതരണ പദ്ധതിക്ക് 16-3-1992 ലും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ആമ്പല്ലൂരും പിറവവും 1997 ലും തിരുമാറാടി 2001-ലുമാണ് പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നത്.

(ഡി) ആമ്പല്ലൂർ 12/2000 ലും പിറവം 9/2000 ലും തിരുമാറാടി 12/2000 ലും പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ആമ്പല്ലൂർ പദ്ധതിക്ക് 436.31 ലക്ഷവും പിറവം പദ്ധതിക്ക് 629.32 ലക്ഷവും തിരുമാറാടി പദ്ധതിക്ക് 215.18 ലക്ഷവും രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ഓരോ പദ്ധതിയെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ജി) ആമ്പല്ലൂർ പദ്ധതിക്ക് 269 ലക്ഷം രൂപയ്ക്കും പിറവം പദ്ധതിക്ക് 497 ലക്ഷം രൂപയ്ക്കും തിരുമാറാടി പദ്ധതിയ്ക്ക് 785 ലക്ഷം രൂപയ്ക്കുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ

49 (199) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly